MALAYALA MANORAMA 11.01.2018

# മണ്ണുമാന്തികൾ കോൾ കയ്യടക്കുന്നു; കിളികൾ കോളൊഴിയുന്നു

## എണ്ണത്തിൽ വൻ കുറവ്

**വാസു ശങ്കർ**

തൃശൂർ ● കോൾപ്പാടങ്ങളിൽ മണ്ണുമാന്തികൾ മേഞ്ഞുനടക്കുമ്പോൾ ദേശാടനപ്പക്ഷികൾ വഴിമാറി പറക്കുന്നു. ഈ വർഷത്തെ ഏഷ്യൻ വാട്ടർ ബേഡ് കൗണ്ടിന്റെ ഭാഗമായി കോൾപ്പാടങ്ങളിൽ ഞായറാഴ്ച നടന്ന പക്ഷി സർവേ നൽകുന്ന ചിത്രമിതാണ്. 74 ഇനങ്ങളിലായി 48,312 പക്ഷികളെ കഴിഞ്ഞ വർഷം കാണാനായെങ്കിൽ ഇക്കുറി 77 ഇനങ്ങളിലായി കണ്ടത് 29,805 പക്ഷികളെ മാത്രം.

അതായത് 18,507 കിളികൾ കുറഞ്ഞു. അധികം കാണേണ്ട എരണ്ടകൾ, കൊറ്റികൾ, നീർക്കാക്കകൾ എന്നിവയിലാണ് കുറവേറെയും. മുൻ വർഷങ്ങളിൽ ഇതിലേറെ പക്ഷികളെ കോളിൽ കണ്ടിരുന്നു. എന്നാൽ, ഇതു കുറഞ്ഞുവരികയാണെന്നു കണക്കുകൾ കാണിക്കുന്നു. 2015ൽ 55,144 പക്ഷികളെ കണ്ടു. 2016ൽ 31781 ആയി ചുരുങ്ങി. കോൾ-വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി അടാട്ട്, മനക്കൊടി, ഏനാമാവ്, പുല്ലഴി മേഖലകളിൽ വലിയ റോഡ് വികസനം നടക്കുന്നുണ്ട്.



അടാട്ട് കോളിലെ ബണ്ട് റോഡ് നിർമാണം.

കോളിലെ വികസനം പരിധി വിടുമ്പോൾ സ്വാഭാവിക ആവാസവ്യവസ്ഥ തകിടം മറിയുകയാണെന്നു പക്ഷികൾ വഴി മാറുന്നതിൽനിന്നു മനസിലാക്കാം. കഴിഞ്ഞ വർഷം 105 മുങ്ങാംകോഴികളെ കാണാനായെങ്കിൽ ഈ വർഷം 16 എണ്ണത്തെ മാത്രമാണ് കണ്ടത്. നീർക്കാക്ക-ചേരക്കോഴി വിഭാഗത്തിൽപ്പെട്ട ചെറിയ നീർക്കാക്കയെ 2017ൽ 4751 എണ്ണത്തെ നിരീക്ഷിച്ചു.

ഈ വർഷമത് 2274 ആയി. വലിയ നീർക്കാക്കകളെ തുടർച്ചയായി രണ്ടാം വർഷവും കാണാനായില്ല. കഴിഞ്ഞ വർഷം 139 ചേരക്കോഴികളെ രേഖപ്പെടുത്തി. ഇക്കുറി 120. 2017ൽ മൂന്നു പുള്ളിച്ചുണ്ടൻ പെലിക്കനെ കണ്ടെങ്കിൽ ഇക്കുറി ഒന്നിനെയും കാണാനായില്ല. 606 വർണക്കൊക്കുകളെ കഴിഞ്ഞ വർഷം കണ്ടു. 536 എണ്ണത്തെ ഇക്കുറിയും.

എരണ്ട വിഭാഗത്തിൽ വലിയ കുറവുണ്ട്. കഴിഞ്ഞ വർഷം 12,750 വരിഎരണ്ടകളെ കണ്ടെങ്കിൽ ഈ വർഷമത് 3799 ആയി. കുറവ് 8,951. വെള്ളക്കൊക്കൻ കുളക്കോഴി 602ൽനിന്ന് 53ലേക്കു ചുരുങ്ങി. പുള്ളിക്കാടക്കൊക്ക് 2128ൽനിന്ന് 1352 ആയി. തൃശൂർ, മലപ്പുറം ജില്ലകളിലായി അടാട്ട്, ഏനാമാവ്, പാലയ്ക്കൽ, തൊമ്മാന, മുള്ളൂർക്കായൽ, മനക്കൊടി, പുല്ലഴി, ബിയ്യംകായൽ, ഉപ്പുങ്ങൽ ഒന്ന്, ഉപ്പുങ്ങൽ രണ്ട്, മാറഞ്ചേരി മേഖലകളിലാണ് സർവേ നടന്നത്. 170 പക്ഷിനിരീക്ഷകർ പങ്കെടുത്തു.

വനംവകുപ്പും കാർഷിക സർവകലാശാലയും കോൾ ബേഡേഴ്സും ചേർന്നു സംഘടിപ്പിച്ച സർവേയിൽ കേരളത്തിലെ 13 പ്രകൃതി സംരക്ഷണ സംഘടനകൾ പങ്കെടുത്തു.